# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1722**

**05/12/2014 -ൽ മറുപടിക്ക്**

## സംസ്ഥാനത്ത് നീര ഉല്പാദനം നടത്തുന്ന ഏജൻസികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നീര ഉല്പാദനം എവിടെയെല്ലാമാണ് നടത്തുന്നതെന്നും ഏതെല്ലാം ഏജൻസികളാണ് ഇത് സംഭരിക്കുന്നതെന്നും വ്യക്തമാക്കുമോ; ഉല്പന്നങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | എ) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയും (കേരാമൃതം) തെങ്ങിൻ പൂക്കുലയിൽ നിന്നും കേരചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്നു പൈലറ്റ് പ്രോജക്ടുകൾ സംഘടിപ്പിക്കുന്നതിന് അനുമതി നല്കിയതിൽ ആദ്യ പ്രോജക്ട് നീലേശ്വരം ക്യാമ്പസിൽ നടപ്പിലാക്കി വരുന്നു. ടി നീര പൈലറ്റ് യൂണിറ്റിൽ കേര നീര ഉല്പാദിപ്പിക്കുന്നു. നാളികേര വികസന കോർപ്പറേഷനാണ് വിപണന ചുമതല. നാളികേര വികസന കോർപ്പറേഷന്റെ ഏലത്തൂരുള്ള കേന്ദ്രത്തിൽ നീര സംഭരണവും സംസ്കരണവും നടത്തുന്നുണ്ട്. കാർഷിക സർവ്വകലാശാല കേരാമൃതം (കേരനീര) കേരചക്കര എന്നീ ഉൽപന്നങ്ങളാണ് ഉണ്ടാക്കുന്നത്. |
| ബി) നീര ഉല്പന്നങ്ങളുടെ വിതരണവും വില്പനയും ഇപ്പോൾ എങ്ങനെയാണ് നടത്തുന്നത്; എവിടെയെല്ലാമാണെന്നും അറിയിക്കുമോ; | ബി) നീര ഉല്പന്നങ്ങളുടെ വിതരണവും വില്പനയും ഇപ്പോൾ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ വഴിയാണ് നടത്തുന്നത്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലെ വെൻഡിംഗ് മെഷീൻ മുഖേനയും കോർപ്പറേഷന്റെ ഏലത്തൂർ, എടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പന കേന്ദ്രങ്ങൾ മുഖേനയുമാണ് വിപണനം നടത്തുന്നത്. |
| സി) സംസ്ഥാനത്തെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ വഴി നീര ഉല്പന്ന വിതരണവും വില്പനയും നടത്തുവാൻ അവസരം നൽകിയാൽ അത് തെങ്ങ് മേഖലയ്ക്ക് ഗുണകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | സി) ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തിയാൽ നീര വിപണനത്തിലൂടെ തെങ്ങ് മേഖലയ്ക്ക് ഗുണകരമാകുമെന്ന് കരുതുന്നു. |
| ഡി) സഹകരണ സംഘങ്ങളുമായി ചേർന്ന് വിതരണ വില്പന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി) പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**